# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2612 — 09.07.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോയിലെ ജീവനക്കാർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) റേഷനിങ് ഇൻസ്പെക്ടറെ മാവേലി സ്റ്റോറുകളിൽ നിയമിക്കുന്നതു സംബന്ധിച്ച് ജീവനക്കാരുടെ ഇടയിൽ നിലനിൽക്കുന്ന പരാതി പരിഹരിക്കുന്ന കാര്യം സപ്ലൈകോ ആലോചിക്കുമോ; | (എ) പരാതി ലഭിച്ചിട്ടില്ല. |
| (ബി) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുവാൻ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇതിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ബി) ഇല്ല. |
| (സി) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് ഓപ്ഷൻ നൽകുന്ന കാര്യം പരിശോധിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് 31.01.13 ൽ ഭക്ഷ്യവും സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും 18.08.2014 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് ഈ വിഷയം സപ്ലൈകോ ബോർഡിന്റെ പരിഗണനയിൽ വരികയും ഇതു സംബന്ധിച്ച ശുപാർശ സപ്ലൈകോ തയ്യാറാക്കി വരികയുമാണെന്ന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) സപ്ലൈകോയിലെ ദിവസവേതന ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ; ഇവർക്ക് മിനിമം കൂലി നൽകുന്നുണ്ടോ ; ഇവർക്ക് ഇ.പി.എഫ് ആനുകൂല്യം സംബന്ധിച്ച് സപ്ലൈകോ നിലപാട് വ്യക്തമാക്കാമോ; | (ഡി) തല്ക്കാലം ഇല്ല. മിനിമം കൂലി നൽകുന്നുണ്ട്. സപ്ലൈകോയിലെ ദിവസവേതന ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ച് നൽകിയത് അനുബന്ധം I ആയി ചേർക്കുന്നു. സപ്ലൈകോയിൽ ജോലി ചെയ്യുന്ന എല്ലാ ദിവസവേതന ജീവനക്കാർക്കും ഇ.പി.എഫ് ആനുകൂല്യം നൽകുന്നുണ്ട്. സപ്ലൈകോയിലെ ഡിസ്പ്ലേ അസിസ്റ്റന്റ്/സെയിൽസ് അസിസ്റ്റന്റ്, പാക്കിംഗ് അസിസ്റ്റന്റ് എന്നീ |

| | | | |
|---|---|---|---|
| | | | ദിവസവേതന ജീവനക്കാരുടെ ശമ്പളം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൂന്ന പ്രാവശ്യം വർദ്ധിപ്പിച്ച നൽകിയിട്ടുണ്ട്. |
| (ഇ) | ദിവസവേതനക്കാരെ കോൺട്രാക്ട് ജീവനക്കാരായി മാറ്റുന്ന കാര്യം സപ്ലൈകോയുടെ പരിഗണനയിലുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ; | (ഇ) | ഇല്ല. |
| (എഫ്) | നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര അസി. സെയിൽസ് മാൻ മാരെ നിയമിച്ചു എന്നറിയിക്കാമോ; പി.എസ്.സി ലിസ്റ്റ് ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; ഇപ്പോൾ എത്ര അസി. സെയിൽസ്മാൻ ഒഴിവ് നിലവിലുണ്ട് ; ജില്ല തിരിച്ചുള്ള വിവരം അറിയിക്കാമോ? | (എഫ്) | നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നുള്ള അസിസ്റ്റന്റ് സെയിൽസ്മാൻ മാരുടെ നിയമന വിവരം അനുബന്ധം II ആയി ചേർക്കുന്നു. തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ അസിസ്റ്റന്റ് സെയിൽസ്മാൻ പി.എസ്.സി. ലിസ്റ്റ് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| തസ്തിക | 01.04.2015 മുതലുള്ള ദിവസവേതന വർദ്ധനവ് |
|---|---|
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 400/- |
| ക്ലാർക്ക് | 400/- |
| ടൈപ്പിസ്റ്റ് | 400/- |
| ഡ്രൈവർ | 450/- |
| കമ്പ്യൂട്ടർ ഓപ്പറേറ്റർ/ പ്രോഗ്രാമർ | 500/- |
| പെട്രോൾ ബങ്കിലെ ദിവസവേതനക്കാർ | 310/- |
| ക്ലാസ്സ് IV | 350/- |
| ഡിസപ്ലെ അസിസ്റ്റന്റ്/ സെയിൽസ് അസിസ്റ്റന്റ് | 250/- (01.09.2013 മുതൽ) |

Beena

സെക്ഷൻ ഓഫീസർ

# അനുബന്ധം - II

| ജില്ല | നിയമന ഉത്തരവ് നൽകിയത് | 30.06.2015 വരെയുള്ള ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തത് |
|---|---|---|
| തിരുവനന്തപുരം | 247 | 29 |
| പത്തനംതിട്ട | 208 | 0 |
| കൊല്ലം | 237 | 19 |
| കോട്ടയം | 262 | 0 |
| ഇടുക്കി | 172 | 0 |
| ആലപ്പുഴ | 231 | 8 |
| എറണാകുളം | 464 | 15 |
| തൃശ്ശൂർ | 359 | 0 |
| പാലക്കാട് | 295 | 0 |
| മലപ്പുറം | 269 | 2 |
| കോഴിക്കോട് | 266 | 1 |
| കണ്ണൂർ | 255 | 3 |
| വയനാട് | 66 | 2 |
| കാസർഗോഡ് | 109 | 1 |

Beena

സെക്ഷൻ ഓഫീസർ